# ദൈവത്തെ അന്വേഷിക്കുന്നവരാകുക

## യെശെയ്യാവ് 55:6

"യഹോവയെ കണ്ടെത്താകുന്ന സമയത്തു അവനെ അന്വേഷിപ്പിൻ; അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിപ്പിൻ."

തങ്ങളുടെ അനുസരണക്കേടുമൂലം ദൈവവുമായുള്ള ബന്ധത്തിലുണ്ടായ അകൽച്ച മാറ്റി അവനിലേക്ക് മനംതിരിയാനായിട്ട് യിസ്രായേൽമക്കൾക്ക് ദൈവത്തിൽ നിന്നു ലഭിക്കുന്ന വലിയ ഒരു ക്ഷണനമാണ് ഈ അദ്ധ്യായത്തിലുടനീളം നാം കാണുന്നത്. ദൈവം അവരോട് ആവർത്തിച്ചു അരുളിച്ചെയ്യുന്ന ഒരു കാര്യമെന്നു പറയുന്നത്, അവരെ അനുഗ്രഹിക്കുവാൻ അവൻ തയ്യാറാണ് എന്നാൽ യിസ്രായേലിന്റെ മറുതലിപ്പ് ആണ് ദൈവത്തെ അതിൽ നിന്നും അകറ്റി നിർത്തുന്നത്. തങ്ങളുടെ പാപം ഉപേക്ഷിച്ച് ദൈവത്തോട് പറ്റിച്ചേർന്നു ജീവിക്കുന്ന ഒരു അനുഭവത്തിലൂടെ മാത്രമേ സത്യവും നിത്യമായതുമായ ദൈവപ്രസാദത്തിലേക്ക് പ്രവേശിക്കുവാനും അതുവഴി ദൈവാനുഗ്രഹത്തിന്റെ പാതയിൽ അവർക്ക് സഞ്ചരിക്കുവാനും സാധിക്കുകയുള്ളൂ. ഇതു സാധ്യമാകുന്നതോ തങ്ങളുടെ മറുതലിപ്പിന്റെ ഭാവമൊക്കെ ഉപേക്ഷിച്ച് സമീപസ്ഥനായിരിക്കുന്ന ദൈവത്തെ അന്വേഷിക്കുവാൻ മുതിരുമ്പോളാണ്.

നമ്മെ തന്നെ അവന്റെ സന്നിധിയിൽ താഴ്മയും വിനയവുമുള്ളവരായി കാഴ്ചവെയ്ക്കുമ്പോൾ അവനു നമ്മെ അവന്റെ പദ്ധതികൾ നിറവേറ്റുന്നതിനായി ഉപയോഗിക്കാൻ സാധിക്കും. നമുക്ക് ദൈവത്തോട് സമർപ്പണമനോഭാവമില്ലെങ്കിൽ അവനു നമ്മുടെ ജീവിതത്തിൽ പ്രവൃത്തിക്കാൻ സാധിക്കുകയില്ല. അവിടെ തക്കം പാർത്തിരിക്കുന്ന ശത്രുവിന്റെ പ്രവർത്തനം എളുപ്പത്തിൽ സാദ്ധ്യമാവുന്നു. ആയതിനാൽ നിരന്തരം ദൈവത്തെ അന്വേഷിക്കുന്നവരായി മാറുന്നു എങ്കിൽ നമുക്ക് ശത്രുവിനു മുമ്പിൽ ആയുധമായി പ്രയോഗിക്കുവാൻ ദൈവം വചനത്തെ തന്ന് അനുഗ്രഹിച്ചിരിക്കുന്നു, "എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല." (യോഹന്നാൻ 6:37)

പ്രിയരേ ഇന്നു നാം ആയിരിക്കുന്ന ഈ അന്ത്യ നിമിഷങ്ങളിൽ ദൈവമക്കളായിരിക്കുന്ന നാം ഓരോരുത്തർക്കും ഈ വചനങ്ങളെല്ലാം ജീവിതത്തിൽ ബാധകമാണ്. കാരണം ദൈവം ആഗ്രഹിക്കുന്നത്, തന്റെ മക്കൾ അവനുമായി വളരെയധികം ആഴത്തിലുള്ള ഒരു ബന്ധത്തിലാകണം എന്നതാണ്. എങ്കിൽ മാത്രമേ അവൻ നമ്മുടെ ജീവിതത്തിൽ പ്രവൃത്തിക്കുമ്പോൾ അതിനെ തിരിച്ചറിയാനും അതിൻപ്രകാരം ജീവിതത്തെ ക്രമീകരിക്കുവാനും സാധിക്കുകയുള്ളൂ. ദൈവം എല്ലായിപ്പോഴും നമ്മോട് ആവശ്യപ്പെടുന്ന

ഒരു കാര്യം മാത്രമേ ഉള്ളൂ, അത് നമ്മുടെ ഹൃദയം പൂർണ്ണമായ് അവനു സമർപ്പിക്കുവാനാണ്. ചില പ്രവൃത്തികൾ കൊണ്ടു മാത്രം ദൈവത്തെ പ്രസാദിപ്പിക്കാൻ നമുക്ക് ഒരിക്കലും സാദ്ധ്യമല്ല. ദൈവത്തോടുള്ള അചഞ്ചലമായ സ്നേഹത്തിൽ നിന്നു ഉരുത്തിരിഞ്ഞു വരുന്നതാവണം നമ്മുടെ ഓരോ പ്രവൃത്തിയും. ആയതിനാൽ നമ്മുടെ കഠിനങ്ങളായിരിക്കുന്ന ഹൃദയത്തിന്റെ അവസ്ഥകളെ ഒക്കെയും മാറ്റിക്കളയാം, അതിലേക്ക് ദൈവവചനത്തെയും ദൈവ സ്നേഹത്തെയും നമുക്ക് കുടിയിരുത്താം. സമീപസ്ഥനായ ദൈവത്തെ അന്വേഷിച്ച് കണ്ടെത്തുവാനും അവന്റെ സ്വരം കേട്ടനുസരിച്ച് ജീവിതത്തെ അനുഗ്രഹത്തിന്റെ പാതയിൽ നയിക്കുവാനും ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ നമ്മെ സഹായിക്കുമാറാകട്ടെ.

പരാമർശം:
യിരെമ്യാവ് 29:13

നിങ്ങൾ എന്നെ അന്വേഷിക്കും; പൂർണ്ണഹൃദയത്തോടെ അന്വേഷിക്കുമ്പോൾ നിങ്ങൾ എന്നെ കണ്ടെത്തും

ബ്രദർ. ബിനു ബേബി ആലപ്പുഴ 126